## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1067 13/12/2012-ലെ മറുപടിക്ക്

<u>സർവ്വകലാശാലകളിലും കോളേജുകളിലും</u>
<u>പഠന മേഖലകളിൽ ശാസ്ത്രീയമായ പരിഷ്കാരങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി.സി. ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും പഠന മേഖലകളിൽ ശാസ്ത്രീയമായ പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ; | എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും പഠന മേഖലകളിൽ ശാസ്ത്രീയമായ പരിഷ്കാരങ്ങൾ വരുത്താൻ ഉള്ള പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. വിദ്യാർത്ഥികൾക്ക് പഠന വിഷയങ്ങൾക്ക് പുറമേ പഠനം കഴിഞ്ഞ് ജോലി ലഭിക്കുന്നതിനായുള്ള സാങ്കേതിക വൈദഗ്ധ്യം പഠന കാലത്തു തന്നെ ലഭിക്കുന്നതിനായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളിൽ വ്യവസായ സംരംഭകത്വം വളർത്തുന്നതിനായി സ്റ്റുഡന്റ് എൻട്രപ്രണർഷിപ്പ് സ്കീം എന്ന പേരിലും ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) ഒരു സർവ്വകലാശാല നൽകുന്ന യോഗ്യതയ്ക്കും ബിരുദത്തിനും തുല്യമായ യോഗ്യത നിശ്ചയിക്കാൻ ഇതര സർവ്വകലാശാലകൾ നേരിടുന്ന വൈഷമ്യങ്ങൾ | ബി) & സി)<br>ഇപ്പോൾ തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നത് അതാത് സർവ്വകലാശാലകളാണ്. ഇതിനായി ഒരു പ്രത്യേക നോഡൽ ഏജൻസി വേണമെന്ന് |

| | | |
|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിർദ്ദേശിച്ചിട്ടുണ്ട്. |
| സി) | ഉന്നത പഠനത്തിനായി വിദേശ രാജ്യങ്ങൾ സന്ദർശിക്കുന്ന വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന വിഷമതകൾ കണക്കിലെടുത്ത് സർവ്വകലാശാലകൾ നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റുകൾക്ക് തുല്യത കല്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**